"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം–33

Phone : 0471-2324951
0471-2325071
Tele FAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3/5068/17/സിഇ/തസ്വഭവ

തീയതി . 14.09.2017

# സർക്കുലർ

സൂചന:- 27.07.2017 – ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നം. 2.4

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി (2017 – 18) മാർഗ്ഗരേഖ ഖണ്ഡിക 8 പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പൊതുമരാമത്ത് പ്രോജക്ടുകൾ ഖണ്ഡിക 8.3.3 പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വെറ്റ് ചെയ്ത് സാങ്കേതികാനുമതി നൽകുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. മേഖല തിരിച്ചുള്ള പദ്ധതികളുടെ വാലിഡേഷൻ (Validation) പൂർത്തീകരിച്ച ശേഷമാണ് അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് ഡി.പി.സി അംഗീകാരം നൽകിയിട്ടുള്ളത്. ആയതിനാൽ വാർഷിക പദ്ധതികളിൽ ഭേദഗതിയുടെ ഭാഗമായുള്ള പ്രോജക്ടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെറ്റ് ചെയ്ത് സാങ്കേതികാനുമതി നൽകി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനാണ് സൂചന കോ-ഓർഡിനേഷൻ കമ്മിറ്റി ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഡി.പി.സി – യുടെ അംഗീകാരമില്ലാതെ വെറ്റിംഗ് നടത്തുന്നതിന് പല എഞ്ചിനീയർമാരും വിമുഖത കാണിക്കുന്നതായി ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ വാർഷിക പദ്ധതികളുടെ ഭേദഗതിയുടെ ഭാഗമായുള്ള പ്രോജക്ടുകളുടെ കാലതാമസം ഒഴിവാക്കുന്നതിന് സൂചന കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

Sa/*

പകർപ്പ്:- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾക്കും